## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2121

26.03.2013 - ലെ മറുപടിക്ക്

### ഡയറക്ട് ടാക്സ് കോഡ്

**ചോദ്യം**

ശ്രീ. റ്റി.എ. അഹമ്മദ് കബീർ :

കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ഡയറക്ട് ടാക്സ് കോഡ് നിയമം മൂലം ദുരിതത്തിലാകുന്ന സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ രക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

കേന്ദ്ര പാർലമെന്റിൽ അവതരിപ്പിച്ച പ്രത്യക്ഷ നികുതി ബിൽ നാളിതുവരെ പാസ്സായിട്ടില്ല. പ്രത്യക്ഷ നികുതി ബിൽ പ്രകാരം ആദായ നികുതി നൽകേണ്ടവരുടെ പട്ടികയിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും കാർഷികേതര പ്രവർത്തനത്തിലൂടെ ലഭിക്കുന്ന വരുമാനത്തിന് ആദായ നികുതി നൽകാൻ ബാദ്ധ്യസ്ഥരാണ്. പ്രത്യക്ഷ നികുതി ബിൽ പാർലമെന്റിൽ ചർച്ചയ്ക്ക് വരുമ്പോൾ കേരളത്തിലെ സാഹചര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനായി കേരളത്തിൽ നിന്നുള്ള എം.പി.മാരുടെ കോൺഫറൻസിൽ ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ